# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2102 11/02/2020-ൽ മറുപടിയ്ക്ക്

### പുറമ്പോക്കിൽ താമസിച്ചിരുന്ന കുട്ടികൾ മണ്ണ് വാരിതിന്നുവെന്ന വാർത്ത

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, വി.ഡി.സതീശൻ<br>,, വി.പി.സജീന്ദ്രൻ<br>,, റോജി എം. ജോൺ | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ - ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) കൈതമുക്കിൽ റെയിൽവേ പുറമ്പോക്കിൽ താമസിച്ചിരുന്ന കുട്ടികൾ വിശപ്പ് അടക്കാൻ മണ്ണ് വാരിതിന്നുവെന്ന വാർത്ത സംസ്ഥാനത്ത് നിലനിൽക്കുന്ന അതീവ ഗുരുതര സാഹചര്യത്തിലേക്കുള്ള സൂചകമാണോ എന്ന് വ്യക്തമാക്കുമോ ; | (എ) ഇത് സംബന്ധിച്ച് നടത്തിയ വിശദമായ അന്വേഷണത്തിൽ പ്രസ്തുത വാർത്ത തെറ്റായിരുന്നുവെന്നും കുട്ടികൾ മണ്ണ് തിന്നേണ്ട ഒരു സാഹചര്യം നിലനിൽക്കുന്നില്ല എന്നും ചൈൽഡ് വെൽഫെയർ കമ്മിറ്റിയും ബാലാവകാശ കമ്മീഷനും നടത്തിയ അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ വിഷയത്തിൽ ശിശുക്ഷേമ സമിതി സ്വീകരിച്ച നിലപാട് എന്തായിരുന്നു; | (ബി) വിഷമസന്ധികളിൽ ഏർപ്പെടുന്ന കുട്ടികൾക്ക് ആവശ്യമായ സഹായം എത്തിക്കുന്നതിനു വേണ്ടി സംസ്ഥാന ശിശുക്ഷേമ സമിതി നടപ്പിലാക്കി വരുന്ന ' തണൽ ' - കുട്ടികളുടെ അഭയ കേന്ദ്രം 1517 എന്ന ടോൾ ഫ്രീ നമ്പരിലേക്ക് കൈതമുക്കിൽ 6 കുട്ടികൾ കടുത്ത ദാരിദ്ര്യത്തിലാണെന്നും കുട്ടികളുടെ പിതാവ് മദ്യപിച്ചെത്തി കുട്ടികളെ നിരന്തരം |

ശാരീരികമായി ഉപദ്രവിക്കുന്നുവെന്നും കാൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സമിതി ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ച് പ്രാഥമിക അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണത്തിൽ 3 മാസം മുതൽ 7 വയസ്സ് വരെ പ്രായമുള്ള 6 കുട്ടികളും അമ്മയും അച്ഛനും ഉൾപ്പെടുന്ന കുടുംബം വളരെ അനാരോഗ്യകരമായ ചുറ്റുപാടിൽ താമസിക്കുന്നതായി മനസ്സിലാക്കി. കുട്ടികളെ സംസ്ഥാന ശിശുക്ഷേമ സമിതി ഏറ്റെടുക്കണമെന്ന് കുട്ടികളുടെ അമ്മ ആവശ്യപ്പെടുകയും ആയതിലേക്കുള്ള അപേക്ഷ സമർപ്പിക്കുകയും ചെയ്തു. സ്ഥിതി മനസ്സിലാക്കിയ കേരള സംസ്ഥാന ശിശുക്ഷേമ സമിതി ആ കുടുംബത്തിന് അടിയന്തിര സഹായമെത്തിച്ചു കൊടുത്തു. കുട്ടികളുടെ പിതാവ് മദ്യപിച്ച് എത്തി കുട്ടികളെയും അമ്മയെയും ക്രൂരമായി മർദ്ദിക്കാറുണ്ടെന്ന് പരിസരവാസികളും കുട്ടികളുടെ ബന്ധുക്കളും തണൽ 1517 -ൽ നൽകിയ പരാതി പരിഗണിച്ച് ഡി.ജി.പിയ്ക്കും സമിതി കത്ത് നൽകിയിട്ടുണ്ട്. കുട്ടികളെ ശിശുക്ഷേമ സമിതി ഏറ്റെടുക്കണമെന്ന അമ്മയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, കുട്ടികളെ ഏറ്റെടുക്കുന്നതിന് ഉത്തരവാകണമെന്ന് കാണിച്ച് ചൈൽഡ്

| | |
|---|---|
| | വെൽഫെയർ കമ്മിറ്റിയ്ക്ക് കത്ത് നൽകി. ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ (സി.ഡബ്ല്യു.സി.) നിർദ്ദേശപ്രകാരം ഡി.സി.പി.യു ജീവനക്കാർ 4 കുട്ടികളെ ശിശുക്ഷേമ സമിതിയിൽ കൊണ്ട് വന്ന് ഏൽപിച്ചു. തൊട്ടടുത്ത ദിവസം സി.ഡബ്ല്യു.സി-യിൽ നിന്നും ഫോൺ മുഖേന ആവശ്യപ്പെട്ടതനുസരിച്ച് കുട്ടികളെ പൂജപ്പുര സി.ഡബ്ല്യു.സി-യിൽ ഏൽപ്പിച്ചിട്ടുണ്ട്. |
| (സി) വിവരങ്ങൾ അന്വേഷിക്കാതെ, (സി) ഉദ്യോഗസ്ഥർ നൽകിയ റിപ്പോർട്ട് അനുസരിച്ച് ശിശുക്ഷേമ സമിതി വിഷയത്തിൽ എടുത്തുചാടി നടപടി സ്വീകരിച്ചതായി വിലയിരുത്തുന്നുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ ശിശുക്ഷേമസമിതി ജനറൽ സെക്രട്ടറിക്ക് സ്ഥാനം രാജിവയ്ക്കേണ്ടി വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | തണൽ 1517 ടോൾ ഫ്രീ നമ്പറിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സമിതി ഉദ്യോഗസ്ഥർ സ്ഥലത്തെത്തി പ്രാഥമിക അന്വേഷണം നടത്തിയതിന്റെയും കുട്ടികളുടെ അമ്മ സമർപ്പിച്ച അപേക്ഷയുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാന ശിശുക്ഷേമ സമിതി മേൽ പരാമർശിച്ച നടപടികൾ സ്വീകരിച്ചത്. സംസ്ഥാന ശിശുക്ഷേമ സമിതിയുടെ നിയമാവലി ചട്ടം 55 (b) അനുസരിച്ച് രാജിവെയ്ക്കുന്നതായി ജനറൽ സെക്രട്ടറി അറിയിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ